**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3704** **15-07-2022 - ൽ മറുപടിയ്ക്ക്**

**ജീവനക്കാരുടെ ഓൺലൈൻ സ്ഥലംമാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഏതെല്ലാം വകുപ്പുകളിൽ ഓൺലൈൻ സ്ഥലംമാറ്റം നടപ്പിലാക്കിയിട്ടുണ്ട് എന്ന് അറിയിക്കാമോ; | (എ) | ആരോഗ്യ വകുപ്പും, റവന്യൂ വകുപ്പും ഓൺലൈൻ സ്ഥലംമാറ്റം നടപ്പിലാക്കിയിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്.മറ്റു വകുപ്പുകളിൽ നിന്ന് വിവരം ശേഖരിച്ചുവരുന്നു. |
| (ബി) | ഓൺലൈൻ സ്ഥലംമാറ്റം നടത്തുന്നതിന് സ്വന്തം സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്ന വകുപ്പുകൾ ഏതൊക്കെ; | (ബി) | റവന്യൂ വകുപ്പിൽ CDIT രൂപകൽപ്പന ചെയ്ത HRMS (ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ് സിസ്റ്റം) എന്ന സോഫ്റ്റ് വെയർ പ്രകാരമാണ് ഓൺലൈൻ ട്രാൻസ്ഫർ നടപ്പിൽ വരുത്തിയിട്ടുള്ളത്. മറ്റ് വകുപ്പുകളിൽ നിന്നും വിവരം ശേഖരിച്ചു വരുന്നു. ഓരോ വകുപ്പിനും സോഫ്റ്റ് വെയർ പ്രാപ്തമാക്കുന്നത് നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ (എൻ.ഐ.സി) മുഖേനയാണ്. |
| (സി) | എൻ.ഐ.സി.-യുടെ സോഫ്റ്റ്‌വെയർ മുഖാന്തിരം സ്ഥലം മാറ്റം നടത്തിയപ്പോൾ അപാകതകൾ ഉണ്ടായിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അപാകതകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ; | (സി) | വിവരം ശേഖരിച്ചുവരുന്നു. |
| (ഡി) | എല്ലാ വകുപ്പിലും ഓൺലൈൻ സ്ഥലംമാറ്റം നടത്തുക എന്നത് സർക്കാരിന്റെ അജണ്ടയിലുണ്ടോ; എങ്കിൽ ആയത് എന്നത്തേക്ക് നടപ്പിലാക്കുവാൻ സാധിക്കും; വിശദമാക്കുമോ? | (ഡി) | ഉണ്ട്. എല്ലാ വകുപ്പുകളിലും ഓൺ ലൈൻ സമ്പ്രദായത്തിലൂടെ പൊതുസ്ഥലം മാറ്റം നടപ്പിലാക്കുവാൻ വേണ്ടിയുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ